## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5960 8.7.2013-ൽ മറുപടിയ്ക്ക്
## കോഴി ഇറച്ചിയുടെ വില

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് 2012 മേയ് , ജൂൺ മാസത്തെ കോഴി ഇറച്ചിയുടെ ശരാശരി വില കിലോയ്ക്ക് എത്ര രൂപയായിരുന്നു; | എ) 2012 മെയ് മാസത്തിൽ ബ്രോയിലർ കോഴി ഇറച്ചി, നാടൻ കോഴി ഇറച്ചി എന്നിവയുടെ ശരാശരി വില യഥാക്രമം 138/- രൂപയും 205/- രൂപയും ആയിരുന്നു.<br>2012 ജൂൺ മാസത്തിൽ ശരാശരി വില യഥാക്രമം 135/- രൂപയും 205/- രൂപയും ആയിരുന്നു. |
| ബി) 2013 ജൂൺ മാസത്തെ ശരാശരി വില കിലോയ്ക്ക് എത്ര രൂപയാണ്; | ബി) 2013 ജൂൺ മാസത്തിൽ ബ്രോയിലർ കോഴി ഇറച്ചി , നാടൻ കോഴി ഇറച്ചി എന്നിവയുടെ ശരാശരി വില യഥാക്രമം 167/- രൂപയും 247/- രൂപയും ആയിരുന്നു. |
| സി) സാധാരണക്കാർക്ക് അപ്രാപ്യമാകുംവിധം കോഴിയിറച്ചിയുടെ വില കുതിച്ചുയരുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | സി) സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെ ലഭ്യത ആഭ്യന്തര വിപണിയിലൂടെയും മറ്റു സംസ്ഥാനങ്ങളിലെ വൻകിട ഉദ്പാദകരുടെ ഫാമിൽ നിന്നും വരുന്ന കോഴികളിലൂടെയുമാണ് . ഇതിൽ ആഭ്യന്തര വിപണിയിലെ സാധാരണ കർഷകർക്ക് ഉൽപ്പാദനച്ചെലവിന് ആനുപാതികമായ വില ലഭിക്കാത്തതിനാലും കടുത്ത വേനൽ കാരണവും ഉൽപ്പാദനത്തിൽ നിന്നും മാറി നിൽക്കേണ്ട സാഹചര്യം വരികയും ആഭ്യന്തര വിപണിയിലുള്ള വൻകിട ഫാമുകൾ അന്യസംസ്ഥാന ലോബികൾ ഏറ്റെടുത്ത് നടത്തുകയും ചെയ്തതിന്റെ ഫലമായി ആഭ്യന്തര വിപണിയിൽ കോഴിയിറച്ചിയുടെ ലഭ്യത വളരെയധികം കുറവ് വരികയുണ്ടായി. കൂടാതെ വേനൽക്കാലത്ത് ഉൽപാദനക്ഷമത |

കുറയുന്നതുമൂലവും ഗണ്യമായ ഉൽപാദനക്കുറവ് ഉണ്ടായിട്ടുണ്ട്. പുറമെ അന്യസംസ്ഥാനത്തെ വൻകിട ഉദ്പാദകർ ഉൽപാദനവും, വിപണനവും നിയന്ത്രിച്ച് ഇറച്ചിക്കോഴിയുടെ ലഭ്യത കുറയ്ക്കുകയുണ്ടായി. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ കോഴിവില അവർതന്നെ ഉയർത്തിയതിന്റെ ഫലമായാണ് വില കുതിച്ചുയർന്നത്.

ഡി) ഇറച്ചിക്കോഴിയുടെ വില കുതിച്ചുയരുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ?

ഡി) ഇറച്ചിക്കോഴിയുടെ വില കുതിച്ചുയരുന്നത് തടയാൻ സംയോജിത ഫാമുകളിൽ കൂടുതൽ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വളർത്തിയെടുത്ത് കിലോയ്ക്ക് 165 രൂപയ്ക്ക് കോഴി ഇറച്ചി ലഭ്യമാക്കി. വിപണി വിലയെക്കാൾ 3 മുതൽ 5 രൂപ വരെ കുറച്ച് ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് നൽകുകയുണ്ടായി.

Seela

**സെക്ഷൻ ഓഫീസർ**